# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5718 05/07/2013- ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സൗഹൃദ റവന്യൂ ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. പി.സി.വിഷ്ണുനാഥ്:<br>ശ്രീ. കെ.ശിവദാസൻ നായർ: | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |

(എ) പരിസ്ഥിതി സൗഹൃദ മാതൃകയിൽ റവന്യൂ ഓഫീസുകളുടെ മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(എ) "സ്മാർട്ട് റവന്യൂ ഓഫീസ്" പദ്ധതിയിൽ പരിസ്ഥിതിക്ക് പരമാവധി കോട്ടം തട്ടാത്ത രീതിയിലാണ് വില്ലേജ് ഓഫീസുകളുടേയും പരിസരത്തിന്റെയും രൂപകല്പന വിഭാവനം ചെയ്യുന്നത്. ജനസൗഹൃദപരമായ അന്തരീക്ഷത്തിൽ തങ്ങളുടെ ആവശ്യങ്ങൾ വേഗത്തിൽ തന്നെ നിർവഹിക്കുവാനും അഴിമതിരഹിതമായ ഒരു ഭരണം റവന്യൂ വകുപ്പിൽ നടപ്പിലാക്കുവാനും ഈ പദ്ധതി മൂലം സാധിക്കുന്നതാണ്. കൂടാതെ പ്രകൃതി വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുക വഴി ഊർജ്ജ സംരക്ഷണം ഉറപ്പു വരുത്തുവാനും സാധിക്കുന്നു.

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Trans parent) സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) **ഇതുമൂലം** എന്തെല്ലാം **സൗകര്യങ്ങളാണ് ജനങ്ങൾക്ക്** ലഭിക്കുന്നത്; **വിശദമാക്കുമോ;**

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ഡി) **ഇതിനായി** എന്തെല്ലാം **നടപടികൾ എടുത്തിട്ടുണ്ട്;** വിശദാംശങ്ങൾ **എന്തെല്ലാം?**

(ഡി) ആദ്യഘട്ടമായി സംസ്ഥാനത്തെ താഴെ പറയുന്ന 14 വില്ലേജ് ഓഫീസുകളെ SMART വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | വില്ലേജ് |
|---|---|---|
| 1 | തിരുവനന്തപുരം | തൈക്കാട് |
| 2 | കൊല്ലം | തൃക്കോവിൽവട്ടം |
| 3 | പത്തനംതിട്ട | മലയാലപ്പുഴ |
| 4 | ആലപ്പുഴ | പത്തിയൂർ |
| 5 | കോട്ടയം | ചങ്ങനാശ്ശേരി |
| 6 | ഇടുക്കി | ഇടുക്കി |
| 7 | എറണാകുളം | ആലുവ വെസ്റ്റ് |
| 8 | തൃശ്ശൂർ | ആറനാട്ടുകര |
| 9 | പാലക്കാട് | വടക്കരപ്പള്ളി |
| 10 | മലപ്പുറം | നിലമ്പൂർ |
| 11 | വയനാട് | നൂൽപ്പുഴ |
| 12 | കോഴിക്കോട് | നഗരം |
| 13 | കണ്ണൂർ | കൂത്തുപറമ്പ് |
| 14 | കാസറഗോഡ് | കാസറഗോഡ് |

സെക്ഷൻ ഓഫീസർ